K. S. R. T. C. Buses sold to Aided Schools

1020 [1911] **Sri Stephen Padua:** Will the Transport Minister be pleased to state:

(a) The number of K. S. R. T. C. buses sold to managements of private schools during the past 3 years;

(b) Have all the schools applied for Government sanction to convert those buses into Omni buses from Stage Carriages;

(c) How many such cases are still pending?

Answer

(a) 42 Numbers.

(b) Permission sought for exempting specification of Stage Carriages with respect to overall width, overall length, overhang etc. Consequent to the alteration of class of vehicles as Omni bus, has been given in all cases.

(c) No such case is pending.

പാക്കുളത്തുനിന്നും പുനലൂരിലേക്കും, കുണ്ടറനിന്നും എറണാകുളത്തേക്കും ഓരോ ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസുകൾ

1021 [1912] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാക്കുളത്തുനിന്ന് പുനലൂരിലേക്കും കുണ്ടറനിന്ന് കൊട്ടാരക്കര, കോട്ടയം വഴി എറണാകുളത്തേക്കും ഓരോ ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതിമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നിവൃത്തിയില്ല.

ബേപ്പൂർ–കുന്നമംഗലം, ബേപ്പൂർ–മാലൂർകുന്ന് റൂട്ടുകളിലെ ബസ് സർവ്വീസ്

1022 [1913] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ബേപ്പൂർ–കുന്നമംഗലം, ബേപ്പൂർ–മാലൂർകുന്ന് എന്നീ റൂട്ടുകളിൽ ഓടിക്കൊണ്ടിരിക്കുന്ന കെ. എസ് ആർ. ടി. സി. ബസ്സുകളുടെ സർവ്വീസ് നിറുത്തൽ ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബേപ്പൂർ—കുന്നമംഗലം സർവ്വീസ് നിറുത്തലാക്കിയിട്ടില്ല. ബസ്സുകളുടെ അഭാവം മൂലം പ്രസ്തുത സർവ്വീസ് ചിലപ്പോൾ റദ്ദാക്കേണ്ടിവരുന്നുണ്ട്. വരുമാനം വളരെ കുറവായതുകൊണ്ട് ബേപ്പൂർ—മാലൂർക്കുന്ന് സർവ്വീസ് 1985 ജൂൺ മുതൽ താൽക്കാലികമായി നിറുത്തലാക്കിയിരിക്കുകയാണ്.

(ബി) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സാമ്പത്തിക പരിമിതി മൂലം, ഇക്കാര്യം ഉടനടി പരിഗണിക്കാൻ നിർവ്വാഹമില്ല.

കോട്ടയം—പുനലൂർ റൂട്ടിലെ കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

1023 [1914] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം—പുനലൂർ റൂട്ടിൽ എത്ര കെ. എസ്. ആർ. ടി. സി. സർവ്വീസുകളാണ് നടത്തിക്കൊണ്ടിരുന്നത്;

(ബി) വർഷങ്ങളായി നടത്തിക്കൊണ്ടിരുന്ന, സർവ്വീസുകൾ ഏതെങ്കിലും ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ട്രിപ്പുകൾ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) കോട്ടയം—പുനലൂർ സർവ്വീസിന് ഒരു ട്രിപ്പിനുണ്ടായിരുന്ന ശരാശരി കളക്ഷൻ എത്ര രൂപയായിരുന്നു;

(ഇ) ചങ്ങനാശ്ശേരി ഡിപ്പോയിലെ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സ് രാവിലെ കോട്ടയത്തുനിന്നും പുനലൂരിലേക്ക് സർവ്വീസ് നടത്തിയിരുന്നത് നിർത്തിവച്ചിട്ട് എത്ര മാസമായിട്ടുണ്ട്; ഇതിനു കാരണമെന്താണ്; ഈ സർവ്വീസിന് പ്രതിദിനം കിട്ടിയിരുന്ന കളക്ഷൻ എത്ര രൂപയാണ്;

(എഫ്) പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദവും ഏറ്റവും കൂടുതൽ ലാഭകരവുമായ പ്രസ്തുത സർവ്വീസ് അടിയന്തിരമായി പുനരാരംഭിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 8 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ.

(ബി) ഇല്ല.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സർവ്വീസ് നിറുത്തലാക്കിയിട്ടില്ല. ബസ്സുകളുടെ അപര്യാപ്തതമൂലം താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്. പ്രതിദിനം കിട്ടിയിരുന്ന കളക്ഷന്റെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ബസ്സിന്റെ ലഭ്യത മെച്ചപ്പെടുമ്പോൾ സർവ്വീസ് കൃത്യമായി ഓടിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly